പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

---

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 347

18.10.2016 - ൽ മറുപടിക്ക്.

## ജലം അടിസ്ഥാന വിഭവമായുള്ള കമ്പനികൾ

---

<u>ചോദ്യം</u>

സർവ്വശ്രീ. കെ. കൃഷ്ണൻകുട്ടി,
സി. കെ. നാണു,
കോവൂർ കുഞ്ഞുമോൻ,
തോമസ് ചാണ്ടി.

<u>മറുപടി</u>

**ശ്രീ. പിണറായി വിജയൻ**
**(മുഖ്യമന്ത്രി).**

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ജലം അടിസ്ഥാന വിഭവമായി ആകെ എത്ര തദ്ദേശീയ അന്തർദേശീയ കമ്പനികൾ ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) : | ജലം അടിസ്ഥാന വിഭവമാക്കി പ്രവർത്തിക്കുന്ന 115 കുപ്പിവെള്ള കമ്പനികൾക്ക് സംസ്ഥാനത്ത് ഭൂജല അതോറിറ്റി നോ ഒബ്-ജക്ഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇവയിൽ ചിലത് പ്രവർത്തനമാരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത കമ്പനികൾ ഓരോ വർഷവും കേരളത്തിൽ നിന്ന് ശേഖരിച്ച് വില്പന നടത്തുന്ന ജലത്തിന്റെ കണക്ക് ലഭ്യമാക്കാമോ ; | (ബി) : | 115 കുപ്പിവെള്ള കമ്പനികൾക്ക് അനുമതി നൽകിയിട്ടുണ്ടെങ്കിലും പലതും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഭൂജല അതോറിറ്റിയുടെ അനുമതി കൂടാതെ പ്രവർത്തിക്കുന്ന കമ്പനികളും നിലവിലുണ്ട്. അയതിനാൽ ഇവയുടെ ജല വിനിയോഗത്തിന്റെ കൃത്യമായ അളവ് ലഭ്യമായിട്ടില്ല. |
| (സി) | ഇത്തരം കമ്പനികളിൽനിന്ന് പ്രകൃതി ചൂഷണ സെസ്സ് ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) : | ഉണ്ട്. |
| (ഡി) | ഇതിനായി പ്രത്യേക നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ? | (ഡി) : | ഉണ്ട്. ഭൂജല സെസ്സ് ഉൾപ്പെടുത്തികൊണ്ടുള്ള കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 2002 ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.